**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3613** **02-03-2023 - ൽ മറുപടിയ്ക്ക്**

**വയോജന ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വയോജന പരിപാലനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | വയോജന പരിപാലനത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ **അനുബന്ധമായി** ചേർക്കുന്നു |
| (ബി) | വടകര താലൂക്കിൽ വയോജന പരിപാലനം ഏതൊക്കെ കേന്ദ്രങ്ങളിലാണ് നടന്നു വരുന്നത് എന്ന് അറിയിക്കാമോ; | (ബി) | വടകര താലൂക്കിൽ സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. എന്നാൽ വടകര മണ്ഡലത്തിലെ വളയം പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പകൽ വീട്, സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ സായംപ്രഭ ഹോം ആയി പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>വടകര താലൂക്കിൽ വയോമിത്രം പദ്ധതിയുടെ ക്ലിനിക്കുകൾ ചുവടെ പറയുന്ന 21 കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു.<br><br>1. കുരിയാടി സെന്റർ<br><br>2. കൈരളി വായനശാല, പഴങ്കാവ്,<br><br>3. ജനകീയ വായനശാല, നടോൽ<br><br>4. അഴിത്തല മദ്രസ്സ<br><br>5. പുതിപ്പണം ഗ്രന്ഥാലയം - കലാസമിതി, പാലോളിപ്പാലം<br><br>6. ഹെൽത്ത് സെന്റർ, ഹാശ്മി നഗർ പണിക്കോട്ടി<br><br>7. കുട്ടൻകുളങ്ങര അംഗനവാടി<br><br>8. എ.കെ.ജി വായനശാല, അറക്കിലാട്<br><br>9. ഫൽഗുണൻ വായനശാല, പുറങ്കര<br><br>10. സലഫി സെന്റർ, കറുകയിൽ<br><br>11. കമ്മ്യൂണിറ്റിഹാൾ, പുതിയാപ്പ് |

| | | | |
|---|---|---|---|
| | | | 12. ലയൺസ് ക്ലബ്ബ് ഹാൾ,തെരുവത്ത്<br><br>13. ഡയറ്റ് സെന്റർ,പുത്തൂർ<br><br>14. പീപ്പിൾസ് ലൈബ്രറി,മേപ്പയിൽ<br><br>15. നവഭാവന കലാസമിതി, കണ്ണൂകുഴി<br><br>16. പാർക്ക് റോഡ്, അംഗൻവാടി<br><br>17. വെളുത്തമല വായനശാല<br><br>18. പ്രതീക്ഷാ ഗ്രന്ഥാലയം, അങ്ങാടിത്താഴെ<br><br>19. പി.കെ ശങ്കരൻസ്മാരക വായനശാല, കോട്ടക്കടവ്<br><br>20. ജെ.ബി സ്കൂൾ,മാക്കൂൽ<br><br>21. വിവ സ്കൂൾ, പെരുവാട്ടം താഴെ |
| (സി) | എത്ര വയോജനങ്ങൾക്ക് ഈ കേന്ദ്രങ്ങൾ വഴി മികച്ച പരിചരണം ലഭിക്കുന്നുണ്ട് എന്ന് അറിയിക്കാമോ; | (സി) | വയോമിത്രം പദ്ധതിയുടെ മൊബൈൽ ക്ലിനിക്കിന്റെ സേവനം വടകര നഗരസഭയിൽ 3389 പേർക്ക് ലഭ്യമാകുന്നുണ്ട്. |
| (ഡി) | ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം മികച്ച രീതിയിൽ നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ;അറിയിക്കാമോ? | (ഡി) | വടകര നഗരസഭയിൽ വയോമിത്രം പദ്ധതിയുടെ 21 ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ വയോജനങ്ങൾക്ക് ഡോക്ടറുടെ സേവനം, മരുന്നുകൾ, കൗൺസിലിംഗ്, വാതിൽപ്പടി സേവനം എന്നിവയ്ക്ക് പുറമെ നഗരസഭയുമായി ചേർന്നുകൊണ്ട് വയോജനങ്ങൾക്ക് ഹെൽത്ത് അവയെർനസ്സ് ക്ലാസ്സുകൾ, നിയമ ബോധവൽക്കരണ ക്ലാസ്സുകൾ, സ്പെഷ്യൽ ദിനാചരണങ്ങൾ, വയോജന ദിനാഘോഷം, വയോജന ക്ലബ്ബുകൾ, വയോജന കൂട്ടായ്മകൾ, വയോജനങ്ങളുടെ വീടുകൾ സന്ദർശനം, വിനോദയാത്രകൾ എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ വീടുകൾക്ക് കെയർഗീവർ സേവനം, സാങ്കേതിക പിന്തുണ എന്നിവ നൽകി അവയെ സായംപ്രഭ ഹോമുകൾ ആയി ഉയർത്തുന്നതിനുള്ള പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(1) വയോ അമൃതം:- സംസ്ഥാനത്തെ വൃദ്ധ സദനങ്ങളിലെ താമസക്കാർ അനുഭവിക്കുന്ന ഒറ്റപ്പെടൽ, മാനസിക സമ്മർദ്ദം, ആരോഗ്യ പ്രശ്നങ്ങൾ, രോഗങ്ങൾ എന്നിവയ്ക്ക് ആയുർ വേദ ശാസ്ത്ര വിധി പ്രകാരം സൗജന്യ ആയുർവേദ ചികിത്സയും സാന്ത്വന പരിചരണവും ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത് . സംസ്ഥാനത്തെ 16 വൃദ്ധ സദനങ്ങളിലെ താമസക്കാരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഓരോ വർഷവും ഏകദേശം 900-1000 താമസക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്

(2) വയോരക്ഷ പദ്ധതി :- മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം നൽകുന്ന പദ്ധതിയാണ് വയോരക്ഷ . ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയവരോ, സംരക്ഷിക്കാൻ ബന്ധുക്കൾ ഇല്ലാത്തവരോ ആയ നിർധനരായ വയോജനങ്ങൾക്ക് അടിയന്തിര പ്രാഥമിക ശുശ്രൂഷ നല്കൽ, അടിയന്തിര ശസ്ത്രക്രിയ, കോവിഡുമായി ബന്ധപ്പെട്ടുള്ള ചികിത്സ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം , അത്യാവശ്യ ഘട്ടങ്ങളിൽ വയോജനങ്ങൾക്ക് ഉപയോഗപ്രദമായ സഹായ ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയവയ്ക്ക് പണം ചെലവഴിക്കുന്നതിന് ജില്ല സാമൂഹ്യ ഓഫീസർമാർക്ക് അനുമതി നൽകിയിരിക്കുന്നു .

(3) വയോമധുരം പദ്ധതി:- സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രമേഹ രോഗികളായ വയോജനങ്ങൾക്ക് ഗ്ലൂക്കോ മീറ്റർ സൗജന്യമായി നൽകുന്ന പദ്ധതിയാണ് വയോമധുരം. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന പദ്ധതി ആരംഭിച്ചത് 2018 ലാണ്. ഈ പദ്ധതി പ്രകാരം ഇതിനകം 18200 ഓളം ഗ്ലൂക്കോമീറ്റർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വിതരണം ചെയ്തിട്ടുണ്ട് .

(4) സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി :- വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് വൃദ്ധ സദനങ്ങളിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ വൃദ്ധ സദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതി 2018 ൽ കണ്ണൂർ വൃദ്ധ സദനത്തിലാണ് ആരംഭിച്ചത് . ടി പദ്ധതി വിജയകരമായതിനെ തുടർന്ന് മലപ്പുറം, കൊല്ലം ജില്ലകളിലെ വൃദ്ധ സദനങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട് .

(5) ഡിമെൻഷ്യ സെന്ററുകളുടെ പ്രവർത്തനം :- അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിനായി ARDSI യുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും, എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ

പരിചരണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു . ഡിമെൻഷ്യ രോഗികൾക്ക് മെമ്മറി ക്ലിനിക്, ആരോഗ്യ ബോധവൽക്കരണം തുടങ്ങിയ പരിചരണ പരിപാടികൾ 2015-16 മുതൽ നടപ്പിലാക്കിവരുന്നു.

(6) വയോമിത്രം :- സംസ്ഥാനത്ത് 65 വയസ്സിന് മുകളിലുള്ളവരുടെ ആരോഗ്യ, പരിരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി കോർപറേഷൻ/നഗരസഭാ പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് കെയർ, ഹെല്പ് ഡസ്ക് കൗൺസിലിംഗ് സേവനങ്ങൾ എന്നിവ ലഭ്യമാകുന്ന പദ്ധതിയാണ് വയോമിത്രം. കേരള സാമൂഹ്യ സുരക്ഷാ മിഷന് വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത് .വയോമിത്രം പദ്ധതിയിൽ നൽകി വരുന്ന "വാതിൽപ്പടി സേവനം" എന്ന ഒരു പുതിയ സേവന പദ്ധതിയിലൂടെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് രോഗികൾ , ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്ന പൗരന്മാരുടെ വീടുകളിൽ എത്തി ചികത്സ , മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു. വയോമിത്രം പദ്ധതിയുടെ ഭാഗമായി ജീവിതശൈലി രോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 2015 മുതൽ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ബി.പി, കൊളസ്ട്രോൾ, ഷുഗർ എന്നിവയുടെ മെഷീൻ ടെസ്റ്റുകളും, യൂറിൻ (ഷുഗർ, ആൽബുമിൻ) ഇ.എസ്.ആർ ഒഴികെയുള്ള ബ്ലഡ് കൗണ്ട് ടെസ്റ്റുകളും, കിഡ്നി ഫംഗ്ഷൻ ടെസ്റ്റുകളും, ഇ.സി.ജി എന്നിവയും സൗജന്യമായി നടപ്പാക്കി വരുന്നു. ഈ വർഷം മുതൽ ബിലിറൂബിൻ, ഹെപ്പറ്റൈറ്റിസ് ബി എന്നീ ടെസ്റ്റുകളും പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. 2015 മുതൽ രണ്ട് ജില്ലകളിലായി ഏകദേശം 2000 ത്തിനു മേൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഒന്നര ലക്ഷത്തിനു മേൽ ഗുണഭോക്താക്കൾക്ക് പരിശോധനകളും നടത്തിയിട്ടുണ്ട്.

(7) എൽഡർലൈൻ പദ്ധതി: മുതിർന്ന പൗരന്മാരുടെ പരാതികൾ പരിഹരിക്കുന്നതിനും, സീനിയർ സിറ്റിസൺസ് വെൽഫെയർ ആക്ട് ശരിയായി നടപ്പിലാക്കുന്നതിനുമായി കേന്ദ്ര ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് എൽഡർലൈൻ. 2021 നവംബർ മുതൽ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ട്. 14567 എന്ന ടോൾ ഫ്രീ നമ്പറിലാണ് എൽഡർ ലൈൻ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് സാമൂഹ്യനീതി വകപ്പിന്റെ മേൽ നോട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകൾ, ആശുപത്രികൾ, വൃദ്ധസദനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയ സംവിധാനങ്ങളുടെ സംയുക്ത സഹകരണത്തോടുകൂടി രാവിലെ മുതൽ രാത്രി 8 മണി വരെയാണ് എൽഡർ ലൈൻ സേവനങ്ങൾ ലഭ്യമാക്കുനത്. ഏത് മൊബൈൽ നെറ്റ് വർക്കിൽ നിന്നും, മുതിർന്ന പൗരന്മാർക്കായുള്ള സേവനങ്ങൾ ലഭ്യമാക്കുവാൻ പൊതു ജനങ്ങൾക്ക് ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ് . എൽഡർ ലൈൻ പദ്ധതിയിലൂടെ അഗതികളായ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും , ദുരിതബാധിതർക്ക് കൗൺസിലിംഗ് സഹായം, കൂടാതെ നിയമസഹായം എന്നിവ ഉറപ്പ് നൽകുന്നു. 14567 എന്ന ടോൾ ഫ്രീ നമ്പറിൽ ലഭ്യമാക്കുന്ന കോളുകൾക്ക് ഉടനെ തന്നെയുള്ള പ്രശ്നപരിഹാരം ട്രെയിനിംഗ് ലഭ്യമായിട്ടുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നു.

(8) വയോപോഷണം : വയോജനങ്ങൾക്ക് ന്യൂട്രീഷണൽ സപ്പോർട്ട് എന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് വയോപോഷണം. കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരൻമാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും , പോഷകാഹാര ലഭ്യതക്കുമായി ഫുഡ്കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണിത് . മുതിർന്ന പൗരൻമാർക്ക് വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള 2 മാസത്തേക്ക് ആവശ്യമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ ഉൾപ്പെടുത്തിയാണ് കിറ്റ് വിതരണം ചെയ്യുന്നത് . നിലവിൽ സായംപ്രഭ ഹോമുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻമാർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഫുഡ് കിറ്റ് വിതരണം ചെയ്യുന്നത്.

(9) സായംപ്രഭാ ഹോം പദ്ധതി : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകികൊണ്ട് നവീകരിക്കുന്ന പദ്ധതി ബന്ധപ്പെട്ട പഞ്ചായത്ത് മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. 60 വയസ്സ് കഴിഞ്ഞവർക്ക് പഞ്ചായത്ത് തലത്തിൽ പകൽ ഒത്തുകൂടുന്നതിന് സാകര്യമൊരുക്കുക, വൃദ്ധജനങ്ങൾക്ക് മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സായംപ്രഭ ഭവനങ്ങളിൽ ഒരുക്കുക, വൃദ്ധപരിപാലന നിയമങ്ങളെയും, മാനസികവും, ശാരീരികവും ആരോഗ്യകരവുമായ വിഷയങ്ങളെയും സംബന്ധിച്ച് ആഴ്ചയിൽ ഒരു ദിവസം ഏതെങ്കിലും നിയമ വിദഗ്ധർ, പോലീസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, സൈക്കോ സോഷ്യൽ കൗൺസിലർമാർ എന്നിവർ മുഖാന്തിരം ക്ലാസുകൾ സംഘടിപ്പിക്കുക, മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന യോഗ ക്ലാസുകൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും സംഘടിപ്പിക്കുക , ശാരീരിക പരിരക്ഷയ്ക്ക് ആവശ്യമായ മെഡിക്കൽ പരിശോധന കൃത്യമായ കാലയളവുകളിൽ നടത്തുക . പോഷകാഹാര കുറവുള്ള വൃദ്ധജനങ്ങൾക്ക് 2 നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ച് കൊടുക്കുക എന്നിവയാണ് പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യംവയ്ക്കുന്നത്.

(10) മാതൃകാ സായംപ്രഭ പദ്ധതി: വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവ്വം ചെലവഴിക്കുന്നതിനും, സ്വയംതൊഴിൽ പരിശീലിക്കുന്നതിനും വിവിധ സേവനങ്ങളും ശുശ്രൂഷ സംവിധാനങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ഹെല്പ് ഏജ് ഇന്ത്യ , എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(11) മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 നടപ്പിലാക്കുന്ന പദ്ധതി : മെയിന്റനൻസ് കേസുകളുമായി ബന്ധപ്പെട്ട സ്വത്തുതർക്കങ്ങളും, മറ്റ് പരാതികളുടെയും വർദ്ധനവ് മൂലം കേരളത്തിലുടനീളം ട്രൈബ്യൂണലുകളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകളുടെ എണ്ണം വലിയ തോതിൽ വർദ്ധിച്ചിരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ കേസ് നടത്തിപ്പിന് RDO മാരെ സഹായിക്കുന്നതിനായി ട്രൈബ്യൂണലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി , ഓരോ ടെക്നിക്കൽ അസിസ്റ്റന്റ്മാരെയും കൺസീലിയേഷൻ ഓഫീസർമാരെയും നിയമിക്കുന്ന പദ്ധതി . കേരളത്തിൽ 27 ട്രൈബ്യൂണലുകളിലായി 27 ടെക്നിക്കൽ അസിസ്റ്റന്റ്മാരെയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു സ്റ്റേറ്റ് കോ - ഓർഡിനേറ്ററുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കൽ, മെഡിക്കൽ ക്യാമ്പുകൾ, ആക്ട് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു.

(12) സർക്കാർ വൃദ്ധ സദനങ്ങൾ : 60 വയസ്സ് കഴിഞ്ഞതും, ആരും സംരക്ഷിക്കാനില്ലാത്തതും, നിരാശ്രരരുമായ മുതിർന്ന പൗരന്മാരുടെ ക്ഷേമം , സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി കേരളത്തിൽ 14 ജില്ലകളിലായി 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ച വരുന്നു.

13) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. 2021 -22 സാമ്പത്തിക വർഷം 199 സന്നദ്ധ സംഘടനകൾ മുഖേന സംരക്ഷണം നൽകി വരുന്ന 8147 വയോജനങ്ങൾക്ക് മേൽപ്പറഞ്ഞ പ്രകാരം ഗ്രാന്റ് അനുവദിച്ച നൽകിയിരുന്നു . പ്രതിമാസം ഒരു താമസക്കാരന് 1100/- രൂപ നിരക്കിലാണ് NGO യ്ക്ക് ഗ്രാന്റ് നൽകിവരുന്നത് .

14) Bodhi Project - സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്കിടയിൽ അനുദിനം വർദ്ധിച്ച വരുന്ന ഡിമെൻഷ്യ രോഗത്തെ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ആദ്യ പടിയായി , എറണാകുളം ജില്ലാ ഭരണകൂടവും, കൊച്ചിൻ യുണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രജന സെന്റർ ഫോർ ന്യൂറോ സയൻസുമായി ചേർന്ന് എറണാകുളം ജില്ലയെ ഡിമെൻഷ്യ , ഫ്രണ്ട്‌ലി ജില്ല ആക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു